**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1272

04.12.2014 -ൽ മറുപടിക്ക്

**വഴുതക്കാടിൽ ഹിന്ദുവനിതാ സംഘം അനധികൃതമായി കൈവശം വച്ചു വരുന്ന സർക്കാർ ഭൂമി**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.എം.എ.ബേബി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിലെ വഴുതക്കാടിൽ ഹിന്ദു വനിതാ സംഘം അനധികൃതമായി കൈവശം വച്ചു വരുന്ന സർക്കാർ ഭൂമി പ്രസ്തുത സംഘത്തിന് തന്നെ പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടതായി അറിയാമോ; | (എ) പ്രസ്തുത സർക്കാർ ഭൂമി ഉപയോഗിക്കാതെയും പാട്ടക്കുടിശ്ശിക അടയ്ക്കാത്തതിന്റെയും അവിടെ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിന്റെയും അടിസ്ഥാനത്തിൽ 12.08.2009-ലെ WP(C)29382/2003-ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30.04.2012-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 179/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സർക്കാർ തിരികെ എറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഘം സർക്കാറിൽ അടച്ചു തീർക്കാനുണ്ടായിരുന്ന തുക എത്രയായിരുന്നു; ഇക്കാര്യത്തിൽ കോടതിയിൽ വന്ന കേസ് നടത്താത്തതിനു സർക്കാരിന്റെ ഭാഗത്ത് വീഴ്ച വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ് നടത്തിയതിലെ വീഴ്ച മൂലം പാട്ടക്കുടിശ്ശിക തുകയിൽ കോടതി ഇളവ് നൽകിയിട്ടുള്ളതായി അറിയാമോ; | (ബി) ഹിന്ദു വനിതാസംഘം 31.10.14 വരെ 80,79,161/- രൂപ പാട്ടക്കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഹിന്ദുവനിതാ സംഘം ഫയൽ ചെയ്ത WP(C) No.24563/12 ഉം 27880/12 നമ്പർ റിട്ട് പെറ്റീഷനുകളിന്മേൽ 10.00 ലക്ഷം രൂപ പാട്ടക്കുടിശ്ശിക അടയ്ക്കാൻ ബഹു.കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ പാട്ടക്കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ ബഹു.ഹൈക്കോടതിയിൽ എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. |

(സി) തിരുവനന്തപുരം നഗരത്തിലെ നിർണ്ണായക സ്ഥലത്തുള്ള പ്രസ്തുത ഭൂമി സർക്കാറിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; ഈ സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് വിട്ടു നൽകാൻ സഹകരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ; വിശദമാക്കുമോ?

(സി) ഹിന്ദുവനിതാ സംഘം WP(C) No.28999/12 നമ്പരായി ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ജി.ഒ(എം.എസ്) നം.190/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് സഹകരണ വകുപ്പിന്റെ ആവശ്യപ്രകാരം കൈമാറി നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ഹിന്ദു വനിതാ സംഘം പ്രവർത്തകർ സഹകരണ ഭവൻ നിർമ്മാണം തടസ്സപ്പെടുത്തുകയും തുടർന്ന് ടി സ്ഥലം ഏറ്റെടുക്കാൻ കഴിയാതെ സഹകരണവകുപ്പ് പിന്മാറുകയും ചെയ്തു. സഹകരണ വകുപ്പിന് വേറെ ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ